# മധുരമായ കുട്ടികളേ, ഈ കളി ശ്മശാനത്തിന്റേതും സ്വർഗ്ഗത്തിന്റേതുമാണ്, ഈ സമയത്ത് ശ്മശാനമാണ് പിന്നീട് സ്വർഗ്ഗമായി മാറും - നിങ്ങൾക്ക് ഈ ശ്മശാനത്തോട് മനസ്സ് വെക്കേണ്ടതില്ല.

**ചോദ്യം:-** മനുഷ്യർ ഏതു കാര്യം മനസ്സിലാക്കുകയാണെങ്കിൽ എല്ലാ സംശയങ്ങളും ദൂരീകരിക്കപ്പെടും?
**ഉത്തരം:-** അച്ഛൻ ആരാണ്, എങ്ങിനെയാണ് വരുന്നത് - ഈ കാര്യം മനസ്സിലാക്കിയാൽ എല്ലാ സംശയങ്ങളും ദൂരീകരിക്കപ്പെടും. ഏതുവരെ ബാബയെ മനസ്സിലാക്കുന്നില്ലയോ അതുവരെ സംശയങ്ങൾ അകലുകയില്ല. നിശ്ചയ ബുദ്ധിയായി മാറിയാൽ വിജയമാലയിൽ വരും എന്നാൽ ഓരോരോ കാര്യത്തിലും സെക്കന്റിൽ പൂർണ്ണ നിശ്ചയമുണ്ടാകണം.

**ഗീതം:-** ആകാശ സിംഹാസനം വെടിഞ്ഞാലും....

**ഓം ശാന്തി**. അച്ഛനിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ഇത് പരിധിയില്ലാത്ത ആത്മീയ പിതാവാണ്. എല്ലാ ആത്മാക്കളും തീർച്ചയായും രൂപം മാറുന്നു. നിരാകാരത്തിൽ നിന്ന് സാകാരത്തിൽ വരുന്നു പാർട്ടഭിനയിക്കാൻ, കർമ്മക്ഷേത്രത്തിൽ. കുട്ടികൾ പറയുകയാണ് ബാബാ, അങ്ങും ഞങ്ങളെപ്പോലെ രൂപം മാറൂ. തീർച്ചയായും സാകാരരൂപം ധരിച്ചുതന്നെയാകണമല്ലോ ജ്ഞാനം നൽകുന്നത്. മുനുഷ്യരുടെ രൂപം തന്നെ എടുക്കണമല്ലോ! കുട്ടികളും മനസ്സിലാക്കുന്നുണ്ട് നാം നിരാകാര ആത്മാക്കളാണ്, ഇപ്പോൾ സാകാരികളായിരിക്കുകയാണ്. തീർച്ചയായും അങ്ങിനെത്തന്നെയാണ്. അത് നിരാകാര ലോകമാണ്. ഇതെല്ലാം കേൾപ്പിക്കുന്നത് ബാബയാണ്. പറയുകയാണ്, നിങ്ങൾക്ക് നിങ്ങളുടെ 84 ജന്മങ്ങളുടെ കഥകളൊന്നുമറിയുകയില്ല. ഞാൻ ഇതിൽ പ്രവേശിച്ച് ഇദ്ദേഹത്തിന് മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കുകയാണ്, ഇദ്ദേഹത്തിനറിയുകയില്ലല്ലോ. കൃഷ്ണനാണെങ്കിൽ സത്യയുഗി രാജകുമാരനാണ്, പതിത കലിയുഗി ലോകത്തിൽ, പതിത ശരീരത്തിൽ വരേണ്ടിയിരിക്കുന്നു. കൃഷ്ണൻ വെളുത്തതായിരുന്നു, എങ്ങിനെ കറുത്തുപോയി? ഇതാർക്കും അറിയുകയില്ല. പറയുകയാണ് സർപ്പം കൊത്തി. വാസ്തവത്തിൽ ഇത് 5 വികാരങ്ങളുടെ കാര്യമാണ്. കാമചിതയിലിരിക്കുമ്പോൾ കറുത്തതായി മാറുന്നു. ശ്യാമ-സുന്ദരൻ എന്ന് കൃഷ്ണനെത്തന്നെയാണ് പറയുന്നത്. എനിക്കാണെങ്കിൽ ശരീരം തന്നെയില്ല- വെളുത്തത് കറുത്തതായി മാറാൻ. ഞാൻ സദാ പാവനമാണ്. ഞാൻ കല്പ-കല്പം സംഗമ യുഗത്തിൽ വരുന്നു, എപ്പോഴാണോ കലിയുഗത്തിന്റെ അവസാനവും സത്യയുഗത്തിന്റെ തുടക്കവുമുണ്ടാകുന്നത്. എനിക്കു തന്നെ വന്നുവേണം സ്വർഗ്ഗം സ്ഥാപനചെയ്യാൻ. സത്യയുഗം സുഖധാമമാണ്, കലിയുഗം ദുഃഖധാമമാണ്. ഈ സമയത്ത് എല്ലാ മനുഷ്യരും പതിതമായിരിക്കുകയാണ്. സത്യയുഗത്തിലെ ലക്ഷ്മീ-നാരായണൻ, മഹാരാജാ-മഹാറാണിയുടെ ഗവണ്മേന്റിനെ ഭ്രഷ്ടാചാരിയെന്നൊന്നും പറയുകയില്ല. ഇവിടെ എല്ലാവരും പതിതമാണ്. ഭാരതം സ്വർഗ്ഗമായിരുന്നു, അപ്പോൾ ദേവീ-ദേവതകളുടെ രാജ്യമായിരുന്നു. ഒരേയൊരു ധർമ്മമേ ഉണ്ടായിരുന്നുള്ളൂ. സമ്പൂർണ്ണ പാവനവും ശ്രേഷ്ഠാചാരിയുമായിരുന്നു. ഭ്രഷ്ടാചാരികൾ, ശ്രേഷ്ഠാചാരികളുടെ പൂജ ചെയ്യുന്നു. സന്യാസി പവിത്രമാകുമ്പോൾ അപവിത്രമായവർ അവരുടെ മുന്നിൽ തലകുനിക്കുന്നു. ഗൃഹസ്ഥത്തിലുള്ളവർ സന്യാസിയെ അനുകരിക്കുന്നില്ല, വെറുതെ പറയുക മാത്രം ചെയ്യുന്നു ഞാൻ ഇന്ന സന്യാസിയുടെ ഫോളോവറാണെന്ന്. അങ്ങിനെ പറയണമെങ്കിൽ ഫോളോ ചെയ്യണം. നിങ്ങളും സന്യാസിയായി മാറുമ്പോൾ പറയാം ഫോളോവറാണെന്ന്, ഗൃഹസ്ഥികൾ ഫോളോവർസാകുന്നു പക്ഷെ അവർ പവിത്രത പാലിക്കുന്നില്ല. മാത്രമല്ല, സന്യാസിമാർ അവരോട് പറയുന്നുമില്ല, അവർ ഫോളോ ചെയ്യുന്നില്ലായെന്ന്, അവർ മനസ്സിലാക്കുന്നുമില്ല. ഇവിടെയാണെങ്കിൽ പൂർണ്ണമായും ഫോളോ ചെയ്യണം -മാതാ-പിതാക്കളെ. പാടപ്പെട്ടിട്ടുമുണ്ട് *ഫോളോ ഫാദർ*, മറ്റുള്ള കൂട്ടുകെട്ടുകളിൽ നിന്ന് ബുദ്ധിയോഗത്തെ അകറ്റണം, എല്ലാ ദേഹധാരികളിൽ നിന്നും ബുദ്ധിയോഗമകറ്റി ഒരേയൊരു ബാബയുമായി യോജിപ്പിക്കുയാണെങ്കിൽ ബാബയുടെ അടുക്കൽ എത്തിച്ചേരും, പിന്നീട് സത്യയുഗത്തിൽ വരും. നിങ്ങൾ ഓൾറൗണ്ടറാണ്. 84 ജന്മങ്ങളെടുക്കുന്നു. ആദ്യം മുതൽ അവസാനം വരെ, അവസാനം മുതൽ ആദ്യം വരെ നിങ്ങൾക്കറിയാം നിങ്ങളുടെ പാർട്ട് നടക്കുന്നു. മറ്റു ധർമ്മങ്ങളിൽപ്പെട്ടവർക്ക് ആദ്യം മുതൽ അവസാനം വരെ പാർട്ടില്ല. ആദി സനാതനമായിട്ടുള്ളത് ഒരു ദേവീ-ദേവതാ ധർമ്മം മാത്രമാണ്. ആദ്യമാദ്യം സൂര്യവംശികളായിരുന്നു.

നിങ്ങളിപ്പോൾ മനസ്സിലാക്കുകയാണ് നമ്മൾ മുഴുവൻ 84 ജന്മത്തിന്റെയും ചക്രം കറങ്ങുന്നു. പിന്നീട് വരുന്നവർക്ക് ഓൾറൗണ്ടറാകാൻ കഴിയുകയില്ല. ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ. ബാബയ്ക്കല്ലാതെ

വേറെയാർക്കും ഇത് മനസ്സിലാക്കിക്കൊടുക്കാൻ കഴിയുകയില്ല. ആദ്യമാദ്യം ദേവതാ ധർമ്മമായിരുന്നു. അരക്കല്പം സൂര്യവംശീ, ചന്ദ്രവംശീ രാജ്യം നടക്കുന്നു. ഇപ്പോൾ ഇത് വളരെ ചെറിയ സംഗമയുഗമാണ്, കുംഭമെന്നും പറയുന്നു. ബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത് – അല്ലയോ പരമപിതാ പരമാത്മാവേ, വന്ന് ഞങ്ങൾ പതിതരെ പാവനമാക്കി മാറ്റൂ. അച്ഛനെ ലഭിക്കുന്നതിന് എത്രയാണ് അലഞ്ഞുതിരിഞ്ഞു നടക്കുന്നത്. യജ്ഞ–തപങ്ങൾ, ദാന–പുണ്യങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്നു. എന്നാൽ ഇതുകൊണ്ടൊന്നും യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. ഇപ്പോൾ നിങ്ങൾ അലച്ചിലുകളിൽ നിന്ന് മുക്തമായി. അത് ഭക്തി കാണ്ഢമാണ്. ഇത് ജ്ഞാന കാണ്ഢമാണ്. ഭക്തി മാർഗ്ഗം അരക്കല്പം നടക്കുന്നു. ഇത് ജ്ഞാനമാർഗ്ഗമാണ്. ഈ സമയത്ത് നിങ്ങൾക്ക് പഴയ ലോകത്തോട് വൈരാഗ്യം വരുത്തുകയാണ്. അതുകൊണ്ട് ഇത് നിങ്ങളുടെ പരിധിയില്ലാത്ത വൈരാഗ്യമാണ്, കാരണം നിങ്ങൾക്കറിയാം ഈ മുഴുവൻ പഴയ ലോകവും ശ്മശാനമാകേണ്ടതുണ്ട്. ഈ സമയം ശ്മശാനമാണ്, പിന്നീട് പരിസ്താനമായി(സ്വർഗ്ഗം) മാറും. ഈ കളി ശ്മശാനത്തിന്റേയും പരിസ്താനത്തിന്റേയുമാണ്. ബാബ പരിസ്താനമാണ് സ്ഥാപിക്കുന്നത്, അതിനെയാണ് ഓർമ്മിക്കുന്നത്. രാവണനെ ആരും ഓർമ്മിക്കുന്നില്ല. മുഖ്യമായ കാര്യം മനസ്സിലാക്കുമ്പോൾ എല്ലാ സംശയങ്ങളും ഇല്ലാതെയാകും, ബാബയെ അറിയുന്നതു വരെയും സംശയബുദ്ധി തന്നെയായിരിക്കും. സംശയബുദ്ധിക്ക് വിനാശം..... ബാബ നാം ആത്മാക്കളുടെ അച്ഛനാണ്, ബാബ തന്നെയാണ് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നത്. നിശ്ചയം കൊണ്ടു തന്നെയാണ് വിജയമാലയിൽ കോർക്കപ്പെടുന്നത്. ഓരോരോ വാക്കിലും സെക്കന്റിൽ നിശ്ചയമുണ്ടാകണം. അച്ഛനെന്നു പറയുമ്പോൾ പൂർണ്ണമായും നിശ്ചയം വേണമല്ലോ. അച്ഛനെന്നു പറയുന്നത് നിരാകാരനെയാണ്. ഗാന്ധിജിയേയും ബാപുജിയെന്നു പറഞ്ഞിരുന്നു. എന്നാലിവിടെ വിശ്വത്തിന്റെ ബാപുജി വേണമല്ലോ. ബാബയാണെങ്കിൽ വിശ്വത്തിന്റെ തന്നെ *ഗോഡ് ഫാദർ* ആണ്. വിശ്വത്തിന്റെ *ഗോഡ് ഫാദർ* – അത് വളരെ ഉയർന്ന പദവിയാണല്ലോ. ബാബയിൽ നിന്നു തന്നെയാണ് രാജപദവി ലഭിക്കുന്നത്. ബ്രഹ്മാവിലൂടെ സ്ഥാപന നടക്കുന്നു, വിഷ്ണുവിന്റെ രാജ്യത്തിന്റെ. നിങ്ങൾക്കറിയാം നമ്മൾ തന്നെയായിരുന്നു വിശ്വത്തിന്റെ അധികാരികൾ. നമ്മൾ തന്നെയായിരുന്നു ദേവീ–ദേവതകൾ, പിന്നീട് ചന്ദ്രവംശി, വൈശ്യവംശി, ശൂദ്രവംശികളായി മാറി. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾക്കേ മനസ്സിലാകുകയുള്ളൂ. ബാബ പറയുന്നുമുണ്ട് എന്റെ ഈ ജ്ഞാനത്തിൽ വളരെയധികം വിഘ്നങ്ങളും വരും. ഇത് രുദ്ര ജ്ഞാനയജ്ഞമാണ്, ഇതിൽ നിന്നാണ് വിനാശജ്വാല പ്രജ്ജ്വലിതമാകുന്നത്. ഇതിൽ മുഴുവൻ ലോകവും സമാപ്തമായി, ഒരു ദേവതാ ധർമ്മത്തിന്റെ സ്ഥാപന നടക്കും. നിങ്ങൾക്ക് പറഞ്ഞുതരുന്നത് ബാബയാണ്, ബാബ സത്യം പറയുകയാണ്, നരനിൽ നിന്ന് നാരായണനായി മാറുന്നതിന്റെ സത്യമായ കഥ കേൾപ്പിക്കുകയാണ്. ഈ കഥ നിങ്ങളിപ്പോഴാണ് കേൾക്കുന്നത്. ഇത് പരമ്പരയായി നടന്നു വരുന്ന ഒന്നല്ല.

ഇപ്പോൾ ബാബ പറയുകയാണ് നിങ്ങൾ 84 ജന്മം പൂർത്തിയാക്കി. ഇപ്പോൾ വീണ്ടും പുതിയ ലോകത്തിൽ നിങ്ങളുടെ രാജ്യമുണ്ടാകും. ഇതാണ് രാജയോഗത്തിന്റെ ജ്ഞാനം. സഹജ രാജയോഗത്തിന്റെ ജ്ഞാനം ഒരു പരമപിതാ പരമാത്മാവിന്റെ പക്കൽ മാത്രമേയുള്ളൂ, ഇതിനെത്തന്നെയാണ് ഭാരതത്തിന്റെ പ്രാചീന രാജയോഗമെന്നു പറയുന്നത്. തീർച്ചയായും കലിയുഗത്തെ സത്യയുഗമാക്കി മാറ്റിയിരുന്നു. വിനാശവും തുടങ്ങിയിരുന്നു, മിസൈലുകളുടെ കാര്യം തന്നെയാണ്. സത്യയുഗത്തിലും ത്രേതായുഗത്തിലും യാതൊരു യുദ്ധവും നടക്കുന്നില്ല, പിന്നീടാണ് തുടങ്ങുന്നത്. ഈ മിസൈലുകളുടേതാണ് അവസാനയുദ്ധം. മുമ്പാണെങ്കിൽ വാളുകൊണ്ടാണ് യുദ്ധം ചെയ്തിരുന്നത്, പിന്നീട് തോക്കുകൾ കൊണ്ടായി. ഇപ്പോൾ ബോംബുകൾ കണ്ടുപിടിക്കപ്പെട്ടിരിക്കുകയാണ്, അല്ലാതെ എങ്ങിനെയാണ് ഈ മുഴുവൻ ലോകത്തിന്റയും വിനാശം നടക്കുക. ഇതിനോടൊപ്പം പ്രകൃതി ക്ഷോഭങ്ങളുമുണ്ട്. ഉലക്ക വണ്ണത്തിലുള്ള പേമാരി, പട്ടിണി – ഇതാണ് പ്രകൃതി ക്ഷോഭങ്ങൾ. ഭൂമികുലുക്കമുണ്ടായാലും അതിനെ പ്രകൃതി ക്ഷോഭമെന്നു പറയുന്നു. ഇതിനെ ആർക്കും തടുക്കാനാകില്ല. ചിലർ സ്വയത്തെ ഇൻഷൂറും ചെയ്തും കാണും, എന്നാൽ ആര് ആർക്ക് കൊടുക്കും? എല്ലാവരും മരിക്കും, ആർക്കും ഒന്നും ലഭിക്കുകയില്ല. ഇപ്പോൾ നിങ്ങൾക്ക് ബാബയുടെ പക്കൽ ഇൻഷൂർ ചെയ്യണം. ഭക്തിയിലും ഇൻഷൂർ ചെയ്യാറുണ്ട്, എന്നാൽ അത് അല്പകാലത്തെ ഫലം മാത്രമേ നൽകുകയുള്ളൂ. ഇത് നിങ്ങൾ നേരിട്ട് ഇൻഷൂർ ചെയ്യുകയാണ്. ആരെങ്കിലും എല്ലാം ഇൻഷൂർ ചെയ്യുകയാണെങ്കിൽ അവർക്ക് രാജ്യഭാഗ്യം ലഭിക്കും. ബാബ തന്റെ കാര്യം പറയുകയാണ് – എല്ലാം നൽകി. ബാബയുടെ പക്കൽ പൂർണ്ണമായും ഇൻഷൂർ ചെയ്തപ്പോൾ *ഫുൾ* രാജ്യഭാഗ്യം ലഭിക്കുന്നു. ബാക്കി ഈ ലോകം തന്നെ അവസാനിക്കും. ഇത് മൃത്യുലോകമാണ്. ചിലരുടെ മണ്ണിലടിയും, ചിലരുടെ രാജാവ് പിടിച്ചെടുക്കും.....എവിടെയെങ്കിലും തീ പടർന്നു പിടിക്കുകയാണെങ്കിലോ അല്ലെങ്കിൽ വേറെ എന്തെങ്കിലും ആപത്തുണ്ടാകുകയോ ചെയ്യുകയാണെങ്കിൽ കള്ളന്മാർ കട്ടുകൊണ്ടു പോകുന്നു. ഈ സമയം തന്നെ അന്ത്യത്തിന്റേതാണ്, അതുകൊണ്ട് ഇപ്പോൾ ബാബയുടെ ഓർമ്മയിലിരിക്കണം. സഹായം ചെയ്യണം.

ഈ സമയം എല്ലാവരും പതിതരാണ്, അവർക്ക് പാവനലോകം സ്ഥാപിക്കാൻ കഴിയുകയില്ല. ഇത് ബാബയുടെ മാത്രം ജോലിയാണ്. ബാബയെത്തന്നെയാണ് വിളിക്കുന്നത്, നിരാകാര ലോകത്തിൽ നിന്ന് വരൂ, വന്ന് രൂപം ധാരണ ചെയ്യൂ. ബാബ പറയുകയാണ് ഞാൻ സാകാരത്തിൽ വന്നിരിക്കുകയാണ്, രൂപം ധാരണ ചെയ്തിരിക്കുകയാണ്. എന്നാൽ സദാ ഇതിലിരിക്കാൻ കഴിയുകയില്ല. മുഴുവൻ ദിവസവും യാത്ര ചെയ്യാൻ കഴിയുകയില്ലല്ലോ. കാളപ്പുറത്ത് സവാരി കാണിച്ചിട്ടുണ്ട്. ഭാഗ്യശാലി രഥം മനുഷ്യന്റെയാണ് കാണിച്ചിരിക്കുന്നത്. ഇപ്പോൾ ഇതാണോ ശരി, അതാണോ ശരി? ഗോശാലയും കാണിച്ചിട്ടുണ്ടല്ലോ. ഗോമുഖവും കാണിക്കുന്നു. കാളപ്പുറത്ത് സവാരി, പിന്നെ ഗോമുഖത്തിലൂടെ ജ്ഞാനം നൽകുന്നു. ഇത് ജ്ഞാന അമൃതമാണ്. അർത്ഥവുമുണ്ടല്ലോ. ഗോമുഖത്തിന്റെ ക്ഷേത്രവുമുണ്ട്, വളരെയധികം പേർ പോകുന്നു, അപ്പോൾ കരുതുകയാണ് ഗോമുഖത്തിലൂടെ തുള്ളി തുള്ളിയായി അമൃതധാരയുണ്ടാകുന്നു. അത് പോയി കുടിക്കണം. 700 പടികളുണ്ട്. ഏറ്റവും വലിയ ഗോമുഖം ഇതാണ്. അമർനാഥിൽ എത്ര പ്രയാസപ്പെട്ടാണ് പോകുന്നത്. അവിടെ ഒന്നും തന്നെയില്ല. എല്ലാം തട്ടിപ്പാണ്, കാണിച്ചിരിക്കുകയാണ് ശങ്കർ പാർവ്വതിയെ കഥ കേൾപ്പിച്ചു. പാർവ്വതിക്ക് എന്തു ദുർഗ്ഗതി സംഭവിച്ചു, ഇരുന്ന് കഥ കേൾക്കാനായി? മനുഷ്യർ ക്ഷേത്രങ്ങൾ മുതലായവ ഉണ്ടാക്കാനായി എത്ര ചിലവുകളാണ് ചെയ്യുന്നത്. ബാബ പറയുകയാണ് ചിലവ് ചെയ്തു ചെയ്ത് നിങ്ങൾ എല്ലാ ധനവും കളഞ്ഞു, നിങ്ങൾ എത്ര സമ്പന്നരായിരുന്നു, ഇപ്പോൾ ദരിദ്രരായിരിക്കുകയാണ്, ഞാൻ വന്ന് നിങ്ങളെ വീണ്ടും സമ്പന്നരാക്കി മാറ്റുന്നു. നിങ്ങൾ മനസ്സിലാക്കുന്നു, ബാബയിൽ നിന്ന് സമ്പത്തെടുക്കാനാണ് ഇവിടെ വന്നിരിക്കുന്നത്. നിങ്ങൾ കുട്ടികൾക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഭാരതം പരമപിതാ പരമാത്മാവിന്റെ ജന്മഭൂമിയാണ്. അപ്പോൾ ഏറ്റവും വലിയ തീർത്ഥ സ്ഥാനമായില്ലേ. സർവ്വ പതിതരേയും പാവനമാക്കി മാറ്റുന്നതും ബാബ തന്നെയാണ്. ഗീതയിൽ ബാബയുടെ പേരുണ്ടായിരുന്നെങ്കിൽ എല്ലാവരും ഇവിടെ വന്ന് പുഷ്പാർച്ചന നടത്തുമായിരുന്നു. ബാബയ്ക്കല്ലാതെ മറ്റാർക്ക് സർവ്വർക്കും സദ്ഗതി നൽകാൻ കഴിയും? ഭാരതം തന്നെയാണ് ഏറ്റവും വലിയ തീർത്ഥ സ്ഥാനം, എന്നാൽ ആർക്കും അറിയുകയില്ല. അല്ലെങ്കിൽ ഏതുപോലെ ബാബയുടെ മഹിമ അപരം അപാരമാണ് അതുപോലെത്തന്നെയാണ് ഭാരതത്തിന്റേയും മഹിമ. ഭാരതം തന്നെയാണ് നരകവും സ്വർഗ്ഗവുമാകുന്നത്. അപരം അപാര മഹിമ സ്വർഗ്ഗത്തിന്റേതാണ്. അപരം അപാര നിന്ദ നരകത്തിന്റേതാണ്.

നിങ്ങൾ സത്യഖണ്ഡത്തിന്റെ അധികാരികളായി മാറുന്നു, ഇവിടെ വന്നിരിക്കുന്നത് ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്തെടുക്കാനാണ്. ബാബ പറയുകയാണ് മനസ്സ് എന്നിൽ വെയ്ക്കൂ, മറ്റെല്ലാത്തിൽ നിന്നും ബുദ്ധിയോഗം അകറ്റി എന്നെ മാത്രം ഓർമ്മിക്കൂ. ഓർമ്മ കൊണ്ട് മാത്രമേ പവിത്രമായി മാറൂ. ജ്ഞാനം കൊണ്ട് സമ്പത്തെടുക്കണം, ജീവൻമുക്തിയുടെ സമ്പത്താണെങ്കിൽ സർവ്വർക്കും ലഭിക്കുന്നു എന്നാൽ സ്വർഗ്ഗത്തിന്റെ സമ്പത്ത് രാജയോഗം പഠിക്കുന്നവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ. എല്ലാവർക്കും സദ്ഗതിയുണ്ടാകുക തന്നെ വേണം, സർവ്വരേയും തിരികെ കൊണ്ടുപോകും. ബാബ പറയുകയാണ്, ഞാൻ കാലന്മാരുടേയും കാലനാണ്. മഹാകാലന്റെ ക്ഷേത്രവുമുണ്ടല്ലോ. ബാബ പറയുകയാണ് അവസാനം പ്രത്യക്ഷതയുണ്ടാകും, അപ്പോൾ മനസ്സിലാക്കും തീർച്ചയായും ഇവരെ പഠിപ്പിക്കുന്നത് പരിധിയില്ലാത്ത അച്ഛൻ തന്നെയാണ്. കഥ കേൾപ്പിക്കുന്നവർ ഇപ്പോൾ ഗീതയുടെ ഭഗവാൻ കൃഷ്ണനല്ല, ശിവനാണെന്നു പറയുകയാണെങ്കിൽ എല്ലാവരും പറയും ഇവരെയും ബ്രഹ്മാകുമാരികളുടെ ഭൂതം പിടിച്ചിരിക്കുകയാണ്. അവരുടെ സമയമായിട്ടില്ല, അവസാനസമയത്തേ മനസ്സിലാക്കുകയുള്ളൂ. ഇപ്പോൾ അംഗീകരിക്കുകയാണണെങ്കിൽ അവരുടെ എല്ലാ അനുയായികളും അവരെ വിട്ടുപോകും. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) മറ്റെല്ലാകൂട്ടുകെട്ടുകളും വിട്ട് മാതാപിതാവിനെ പൂർണ്ണമായും ഫോളോ ചെയ്യണം. ഈ പഴയ ലോകത്തോട് പരിധിയില്ലാത്ത വൈരാഗ്യം വെച്ച്, ഇതിനെ മറക്കണം.

2) ഇത് അവസാന സമയമാണ്, എല്ലാം അവസാനിക്കുന്നതിനുമുമ്പെ തന്റെ പക്കൽ എന്താണോ ഉള്ളത്, അതിനെ ബാബയുടെ പക്കൽ ഇൻഷൂർ ചെയ്ത് ഭാവിയിൽ മുഴുവൻ രാജപദവിയുടെ അധികാരവുമെടുക്കണം.

## വരദാനം:- ബ്രാഹ്മണ ജീവിതത്തിൽ സദാ സന്തോഷത്തിന്റെ ടോണിക്ക് കഴിക്കുകയും കഴിപ്പിക്കുകയും ചെയ്യുന്ന ശ്രേഷ്ഠ ഭാഗ്യവാനായി ഭവിക്കൂ

വിശ്വത്തിന്റെ അധികാരിയുടെ കുട്ടികൾ നമ്മൾ ബാലകനും അധികാരിയുമാണ് - ഈ ഈശ്വരീയ ലഹരിയിലും സന്തോഷത്തിലും കഴിയൂ. ആഹാ എന്റെ ശ്രേഷ്ഠ ഭാഗ്യം. ഈ സന്തോഷത്തിന്റെ ഊഞ്ഞാലിൽ സദാ ആടിക്കൊണ്ടിരിക്കൂ. സദാ ഭാഗ്യവാനുമാണ്, സദാ സന്തോഷത്തിന്റെ ടോണിക്ക് കഴിക്കുകയും കഴിപ്പിക്കുന്നുമുണ്ട്. മറ്റുള്ളവർക്കും സന്തോഷത്തിന്റെ മഹാദാനം നൽകി ഭാഗ്യവാനാക്കുന്നു. താങ്കളുടെ ജീവിതം തന്നെ സന്തോഷമാണ്. സന്തോഷമായി കഴിയുന്നത് തന്നെയാണ് ജീവിതം. ഇതാണ് ബ്രാഹ്മണ ജീവിതത്തിന്റെ ശ്രേഷ്ഠ വരദാനം.

## സ്ലോഗൻ:- ഓരോ പരിസ്ഥിതിയിലും സഹനശീലരാകൂ എങ്കിൽ ആനന്ദത്തിന്റെ അനുഭവം ചെയ്തുകൊണ്ടിരിക്കും.

### മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം

1) നമ്മുടെ ഈ ഈശ്വരീയ ജ്ഞാനം നമ്മുടെ ബുദ്ധിയിൽ നിന്ന് വന്നതല്ല, നമ്മുടെ അറിവോ ഭാവനയോ സങ്കൽപമോ അല്ല എന്നാൽ ഈ ജ്ഞാനം മുഴുവൻ സൃഷ്ടിയുടെയും രചയിതാവ് ആരാണോ ആ രചയിതാവ് കേൾപ്പിച്ച ജ്ഞാനമാണ്. അതിനോടൊപ്പം-ഒപ്പം കേട്ട് അനുഭവത്തിലും വിവേകത്തിലും എന്താണോ കൊണ്ടുവന്നത് അത് പ്രാക്റ്റിക്കലായി താങ്കളെ കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. കേവലം സ്വന്തം വിവേകത്തിന്റെ കാര്യമാണെങ്കിൽ കേവലം തന്റെ പക്കൽ മാത്രമേ നടക്കുകയുള്ളൂ എന്നാൽ ഇത് പരമാത്മാവിലൂടെ കേട്ട് വിവേകത്തിലൂടെ അനുഭവത്തിൽ ധാരണ ചെയ്യുന്നതാണ്. ഏത് കാര്യമാണോ ധാരണ ചെയ്യുന്നത് അത് തീർച്ചയായും എപ്പോഴാണോ വിവേകത്തിലേക്കും അനുഭവത്തിലേക്കും വരുന്നത് അപ്പോൾ തന്റേതെന്ന് അംഗീകരിക്കപ്പെടുന്നു. ഈ കാര്യവും രചയിതാവിലൂടെ നമ്മൾ അറിഞ്ഞിരിക്കുന്നു. പരമാത്മാവിന്റെ രചന എന്താണ്? പരമാത്മാവ് എന്താണ്? ബാക്കി ഒന്നും നമ്മുടെ സങ്കൽപത്തിന്റെ കാര്യമല്ല അഥവാ ആണെങ്കിൽ തന്റെ മനസ്സിൽ ഉത്പന്നമാകുന്നു, ഇത് എന്റെ സങ്കൽപമാണ് അതുകൊണ്ട് എന്താണോ തനിക്ക് സ്വയം പരമാത്മാവിലൂടെ മുഖ്യ ധാരണാ യോഗ്യമായ പോയന്റ് ലഭിച്ചിട്ടുള്ളത് അതിൽ മുഖ്യമായുള്ളതാണ് യോഗം വയ്ക്കുക എന്നാൽ യോഗത്തിനായി ആദ്യം ജ്ഞാനം ആവശ്യമാണ്. യോഗം ചെയ്യുന്നതിനായി ആദ്യം ജ്ഞാനമെന്ന് എന്തുകൊണ്ടാണ് പറയുന്നത്? ആദ്യം ചിന്തിക്കണം, മനസ്സിലാക്കണം ശേഷമാണ് യോഗം വയ്ക്കേണ്ടത്... എപ്പോഴും ഇങ്ങനെയാണ് പറയാറുള്ളത് ആദ്യം അറിവ് വേണം, അല്ലെങ്കിൽ തെറ്റായ പ്രവൃത്തി നടക്കും അതുകൊണ്ട് ആദ്യം ജ്ഞാം അത്യാവശ്യമാണ്. ജ്ഞാനം ഒരു ഉയർന്ന സ്റ്റേജാണ് അതിനെ അറിയുന്നതിന് വേണ്ടി ബുദ്ധി ആവശ്യമാണ് എന്തുകൊണ്ടെന്നാൽ ഉയർന്നതിലും ഉയർന്ന പരമാത്മാവാണ് നമ്മളെ പഠിപ്പിക്കുന്നത്.

2) ഈ ഈശ്വരീയ ജ്ഞാനമാണ് ഒരു വശത്ത് വേർപെടുത്തുക മറുവശത്ത് യോജിപ്പിക്കുക. ഒരു പരമാത്മാവുമായുള്ള സംഗം യോജിപ്പിക്കൂ, ആ ശുദ്ധ സംബന്ധത്തിലൂടെ നമ്മുടെ ജ്ഞാനത്തിന്റെ പടി മുന്നോട്ട് വളരും എന്തുകൊണ്ടെന്നാൽ ഈ സമയം ആത്മാവ് കർമ്മബന്ധനത്തിന് വശപ്പെട്ടിരിക്കുന്നു. അത് ആദിയിൽ കർമ്മബന്ധന രഹിതമായിരുന്നു, ശേഷമാണ് കർമ്മബന്ധനത്തിൽ വന്നത് ഇപ്പോൾ വീണ്ടും അതിന് തന്റെ കർമ്മബന്ധനത്തിൽ നിന്ന് മുക്തമാകണം. ഇപ്പോൾ തന്റെ കർമ്മങ്ങളുടെ ബന്ധിക്കപ്പെടലും ഉണ്ടാകരുത് കർമ്മം ചെയ്യുന്നത് തന്റെ കയ്യിലുമായിരിക്കണം അർത്ഥം കർമ്മത്തിൽ നിയന്ത്രണമുണ്ടായിരിക്കണം അപ്പോൾ മാത്രമേ കർമ്മങ്ങളുടെ ബന്ധിക്കൽ വരാതിരിക്കുകയുള്ളൂ, ഇതിനെ തന്നെയാണ് ജീവൻമുക്തിയെന്ന് പറയുന്നത്. അല്ലെങ്കിൽ കർമ്മബന്ധനത്തിൽ, ചക്രത്തിൽ വരുന്നതിലൂടെ സദാകാലത്തേക്ക് ജീവൻമുക്തി ലഭിക്കുകയില്ല. ഇപ്പോൾ ആത്മാവിൽ നിന്ന് ശക്തി പോയിരിക്കുന്നു ആത്മാവിന്റെ നിയന്ത്രണമില്ലാതെ കർമ്മം നടന്നുകൊണ്ടിരിക്കുന്നു എന്നാൽ കർമ്മം ആത്മാവിൽ നിന്നായിരിക്കണം ഒപ്പം ആത്മാവിൽ ശക്തി വരണം കർമ്മങ്ങൾക്ക് ഈ സ്ഥിതിയിലേക്ക് വരണം അതിൽ കർമ്മങ്ങളുടെ ബന്ധിക്കൽ ഉണ്ടായിരിക്കരുത്, അല്ലെങ്കിൽ മനുഷ്യർ സുഖ-ദുഃഖത്തിന്റെ ആവരണത്തിൽ വരുന്നു എന്തുകൊണ്ടെന്നാൽ കർമ്മം അവരെ വലിച്ചുകൊണ്ടിരിക്കുന്നു, ആത്മാവിന്റെ ശക്തി ആ പവറിലാണ് വരുന്നത്, അതിൽ കർമ്മങ്ങളുടെ ബന്ധനം വരരുത്, ഇതാണ് റിസൽട്ട്. ഈ കാര്യങ്ങളെ ധാരണ ചെയ്യുന്നതിലൂടെ സഹജമാകും, ഈ പഠനത്തിന്റെ ലക്ഷ്യം തന്നെ ഇതാണ്. ബാക്കി തനിക്ക് ഏതെങ്കിലും വേദ ശാസ്ത്രം പഠിച്ച് ഡിഗ്രി നേടേണ്ടതൊന്നുമില്ല, എന്നാൽ ഈ ഈശ്വരീയ ജ്ഞാനത്തിലൂടെ നമുക്ക് നമ്മുടെ ജീവിതമുണ്ടാക്കണം ആ കാരണത്താൽ ഈശ്വരനിൽ നിന്ന് ആ ശക്തി നേടണം. ശരി - ഓം ശാന്തി.